**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2660** **02-08-2021 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഫ്ലഡ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഫ്ലഡ് റോഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കുന്നില്ല. ജില്ലാ അടിസ്ഥാനത്തിലാണ് പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ക്രോഡീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഇവിടെ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്ത ഫ്ലഡ് റോഡുകളുടെ പേരും അനുവദിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കുന്നില്ല. ജില്ലാ അടിസ്ഥാനത്തിലാണ് പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ക്രോഡീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ഫ്ലഡ് റോഡിന് നിലവിൽ അനുവദിക്കുന്ന പരമാവധി തുകയായ പത്ത് ലക്ഷം രൂപ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | കേന്ദ്ര ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിൽ ഗ്രാമീണ റോഡുകൾക്ക് കിലോമീറ്ററിന് 60,000/- രൂപയും (അറുപതിനായിരം രൂപ മാത്രം) സ്റ്റേറ്റ് ഹൈവേ/ മേജർ ജില്ലാ റോഡുകൾക്ക് ഒരു ലക്ഷം രൂപയും മാത്രമാണ് അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾക്കായി വിനിയോഗിക്കാനാകുന്നത്. എന്നാൽ സംസ്ഥാനത്ത് നിലവിൽ പത്ത് ലക്ഷം രൂപ വരെ റോഡുകളുടെ |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വിനിയോഗിച്ചു വരുന്നു. ആയത് നിലവിലുള്ള കേന്ദ്ര മാനദണ്ഡങ്ങൾക്ക് ഉപരിയായതിനാൽ നിലവിൽ തുക ഉയർത്തുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ